# ഫലമുള്ളവരാകുക

## മർക്കോസ് 11:13

“അവൻ ഇലയുള്ളോരു അത്തിവൃക്ഷം ദൂരത്തുനിന്നു കണ്ടു, അതിൽ വല്ലതും കണ്ടു കിട്ടുമോ എന്നുവെച്ചു ചെന്നു, അതിന്നരികെ എത്തിയപ്പോൾ ഇല അല്ലാതെ ഒന്നും കണ്ടില്ല.”

യെരുശലേമിൽ സർവ്വസാധാരണമായി കാണുന്ന ഒരു ഫലവൃക്ഷമാണല്ലോ അത്തി. ശിഷ്യന്മാരോടൊപ്പം വിശന്നുവരുന്ന കർത്താവിന്റെ ശ്രദ്ധ വഴിയരികെ നിൽക്കുന്ന ഒരു അത്തിയിലേക്ക് പതിക്കുന്നു. ദൂരെനിന്നുതന്നെ കണ്ടു ആകർഷിക്കത്തക്കവിധം ഇലകളും അവയിൽ ഉണ്ടായിരുന്നു. എന്നാൽ ആഗ്രഹത്തോട അടുത്തുവന്ന യേശുകർത്താവ് കണ്ട കാഴ്ച ഏറെ വിഷമിപ്പിക്കുന്നതും ആയിരുന്നു എന്ന് കാണാം. അതേ. “ഇല അല്ലാതെ ഒന്നും കണ്ടില്ല” എന്നാണ് വചനം നമ്മെ മനസ്സിലാക്കി തരുന്നത്.

നമുക്കറിയാം, ചില വൃക്ഷങ്ങൾ വല്ലപ്പോഴുമൊക്കെയേ കായ്ക്കുകയുള്ളൂ. അതും ഒന്നോ രണ്ടോ കനികൾ മാത്രം. ചിലവ രണ്ട് വർഷത്തിൽ ഒരിക്കൽ മാത്രം കായ്ക്കും. അത് അതിന്റെ യജമാനന് വളരെ ദുഃഖവും നഷ്ടവുമാണ്. എന്നാൽ ചിലത് തക്ക കാലങ്ങളിൽ ഫലം കായ്ച്ചുകൊണ്ടിരിക്കും. ഒരു ദൈവപൈതലിന്റെ ജീവിതാനുഭവം ഇതുതന്നെ ആയിരിക്കണം എന്ന് കർത്താവ് ഈ സംഭവത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. തക്ക സമയങ്ങളിൽ ആത്മീകഫലം കായ്ക്കുന്ന കല്പവൃക്ഷമായ ഒരു ജീവിതം. സങ്കീർത്തനം 1:3 ഉം അതുതന്നെ നമ്മെ പഠിപ്പിക്കുന്നു. ഇലകൾ നിറഞ്ഞു നിൽക്കുന്ന അത്തി തീർച്ചയായും ഫലം തരുന്ന പാതയിൽ എത്തി എന്ന് കാണിക്കുന്നു. ദൂരെ നിന്നു നോക്കുമ്പോൾ ആരെയും ആകർഷിക്കുംവിധം മേന്മയുള്ളതുമായിരുന്നു. എന്നാൽ വിശപ്പടക്കാൻ അതിന്റെ കൈയ്യിൽ ഫലം ശൂന്യമായിരുന്നു. ഈ വൃക്ഷത്തെ നോക്കി കർത്താവ് ശപിക്കുന്നതായും അത് വേരോടെ ഉണങ്ങിപ്പോയെന്നും നാം പിന്നീട് കാണുന്നു. (മർക്കോസ് 11:20-21)

വേദപുസ്തകത്തിൽ വിശ്വാസികളെ ആത്മീകരെന്നും, ജഡികന്മാരെന്നും പറയുന്നതായി കാണാം. എന്നാൽ എല്ലാ ദൈവമക്കളും ജഡികന്മാർ അഥവാ ശിശുക്കൾ ആയിട്ടല്ല. ആത്മീകരായി ആത്മീകഫലം കായ്ക്കുന്നവരാകണം എന്നാണ് ദൈവേഷ്ടം. നമ്മുടെ വേരുകൾ ഊന്നിയിരിക്കുന്നത് ക്രിസ്തുവിലോ, അതോ ലോകത്തിലോ എന്ന് ശോധന ചെയ്യാൻ ഈ വചനഭാഗം സഹായിക്കട്ടെ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും തമ്പുരാൻ ആഗ്രഹിക്കുന്ന ഫലം ഒന്ന് പുറപ്പെടണം. ശുഷ്ക്കിച്ച അവസ്ഥ മാറണം. വരണ്ട

ജീവിതാനുഭവത്തിൽ അവന്റെ ജീവജലം കൊണ്ട് നിറയപ്പെടണം. വേരുകൾ ശക്തി പ്രാപിക്കട്ടെ.

ലോകം നോക്കുമ്പോൾ വളരെ ഭക്തി നിർഭരമായ ഒരു ആത്മീകജീവിതത്തിന് ഉടമ ആകാം. ദൈനംദിന പ്രാർത്ഥനയിലും, ഉപദേശങ്ങളിലും, ശുശ്രൂഷകളിലും ഒക്കെ ഒരു കുറവും മനുഷ്യന് പറയാൻ സാധിക്കില്ല. എന്നാൽ ദൈവപൈതലേ, കർത്താവ് അടുത്തു വന്ന് ഫലം നിരീക്ഷിക്കുമ്പോൾ അവനെ വിഷമിപ്പിക്കുന്ന ഒരു ജീവിതയാത്രയാണോ നമ്മുടെതെന്നു എന്ന് പരിശോധിക്കാം. അതേ, നീറുന്ന വിഷയങ്ങളിലൂടെ കടന്നു പോകുമ്പോൾ, പരിശോധനകളാൽ ഭാരപ്പെടുമ്പോൾ, രോഗങ്ങളാൽ വേദനിക്കുമ്പോൾ അനേക പ്രാർത്ഥനകളുടെ മറുപടി കിട്ടാതെ ഇരിക്കുമ്പോൾ, നിരാശപ്പെടാതെ, തകരാതെ ഇതിന്റെ എല്ലാം മധ്യത്തിലും ഫലം കൊടുക്കാൻ, ഫലംകൊണ്ട് നിറയാൻ കർത്താവേ കൃപ ചെയ്യണമേ. വ്യക്തിപരമായ നമ്മുടെ ബലഹീനതകളും വേദനകളും, നമുക്കും ദൈവത്തിനും മാത്രമറിയാം. പുറമേ ആകർഷണീയമായി ഒക്കെ നമുക്കു ജീവിക്കാം. ബലഹീനതകളുടെയും വേദനകളുടെയും മധ്യത്തിലും ഫലമുള്ളവരായിത്തീരാൻ ജീവിതത്തെ പൂർണ്ണമായി സമർപ്പിക്കാം. കർത്താവ് നമ്മെ ആക്കി വെച്ചിരിക്കുന്ന ഇടങ്ങളിലെല്ലാം അവന്റെ സാക്ഷികളായി, നീതിഫലം നിറഞ്ഞു നില്ക്കുവാൻ ഇടയാകട്ടെ. വേരോടെ ഉണങ്ങിപ്പോയ അത്തിവൃക്ഷത്തിന്റെ അനുഭവം നമ്മുടെ ജീവിത യാത്രയിൽ ഉണ്ടാകാതെ ആത്മാവിന്റെ ഫലം നമ്മിൽ വിളങ്ങി ശോഭിക്കുവാൻ കർത്താവ് കൃപ ചെയ്യുമാറാകട്ടെ. ഇല മാത്രം പോരാ. ഇലകളുടെ ഇടയിലൂടെ നിറഞ്ഞുനിൽക്കുന്ന ഫലവും വേണം. കർത്താവേ സഹായിക്കണമേ.

**പരാമർശം:**

യോഹന്നാൻ 15:5

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.

സിസ്റ്റർ ബിന്ദു റെജി അയ്മനം 137